# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 4468

27.06.2013-ൽ മറുപടിയ്ക്ക്

### തീരദേശ ഇടനാഴി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. പി.സി. വിഷ്ണുനാഥ് | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തീരദേശ ഇടനാഴിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (ബി) വല്ലാർപാടം മുതൽ കോഴിക്കോട് വരെ ആയാസരഹിതമായ വാഹന ഗതാഗതത്തിനുതകുന്ന ഒരു റോഡ് നിർമ്മിക്കുകയും അതിലൂടെ തീരദേശത്തിന്റെ സമഗ്ര വികസനം ഉറപ്പാക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |
| (സി) എന്തെല്ലാം സഹായമാണ് ഇതിന് വേണ്ടി ലഭിക്കുന്നത് ; വിശദമാക്കുമോ ; | (സി) ഇപ്പോൾ പൂർണ്ണമായും സംസ്ഥാന ഗവൺമെന്റ് ബഡ്ജറ്റിൽ നീക്കി വച്ചിരിക്കുന്ന തുക കൊണ്ടാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഡി) ഈ പദ്ധതിയുടെ പൊന്നാനി മുതൽ കോഴിക്കോട് വരെയുള്ള ഭാഗം റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനെയാണ് ഏൽപ്പിച്ചിരിക്കുന്നത്.<br>ആശാൻപടിയിൽ നിന്നും വടക്കോട്ട് താനൂർ ബൈപ്പാസ് അടക്കം 16 കി.മീ.ന്റെയും ആശാൻപടിയിൽ നിന്ന് തെക്കോട്ട് ട്രാൻസ്ഫോമർ റോഡ് വരെ 2.5 കി.മീ. ന്റെയും അടക്കം 117.14 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്കുള്ള ഭരണാനുമതി 12.03.2013-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 348/13/പൊ.മ.വ പ്രകാരം നൽകിയിട്ടുണ്ട്. ഇതിന്റെ |

ഭാഗമായി ആശാൻപടി മുതൽ പറവണ്ണ
വരെയുള്ള 4.5 കി.മീ. റോഡിന്റെ
നിർമ്മാണ പ്രവർത്തനം
ആരംഭിച്ചിട്ടുണ്ട്. മറ്റുള്ള ഭാഗങ്ങളിൽ
സ്ഥലം ഏറ്റെടുക്കുവാനുള്ള
പ്രവർത്തനങ്ങൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ